## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1844 — 25.03.2013 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)വന്യമൃഗങ്ങളുടെയും കാട്ടാനകളുടെയും ആക്രമണം രൂക്ഷമായികൊണ്ടിരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വന്യമൃഗങ്ങളുടെയും കാട്ടാനകളുടെയും ആക്രമണം രൂക്ഷമായികൊണ്ടിരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സംരക്ഷണത്തിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചു നടപ്പിലാക്കി വരുന്നത്.<br>1. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. കയ്യാലകളുടെ നിർമ്മാണം.<br>4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.<br>5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.<br>6. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക.<br>7. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ.<br>8. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുവാൻ എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.<br>9. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി നൽകുവാനുള്ള നടപടി. |

(ബി)അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ, മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകളിലെ ചുള്ളി, പോർക്കുന്നപ്പാറ, വെള്ളപ്പാറ, കട്ടിങ് തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായികൊണ്ടിരിക്കുന്ന ആനശല്യം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ അടിയന്തിരമായി സോളാർ ഫെൻസിംഗ് നിർമ്മിക്കുവാൻ തുക അനുവദിക്കുമോ; ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

(ബി) ഫണ്ടിന്റെ ലഭ്യതയും, സോളാർ ഫെൻസിംഗിന്റെ പ്രായോഗികതയും കണക്കിലെടുത്ത് നടപ്പിലാക്കുന്നതാണ്. ആവശ്യമായ ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.